തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് നടപടി

75 (1742) ശ്രീ. കെ. എം. മാണി :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. മാമ്മൻ മത്തായി :
ശ്രീ. സി. എഫ്. തോമസ് :
ശ്രീ. കെ. നാരായണക്കുറുപ്പ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചനവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികളുടെ പുരോഗതിയെന്താണെന്ന് അറിയിക്കാമോ ;

(ബി) ഇപ്പോൾ തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നത് ഏത് നിയമത്തെ അടിസ്ഥാനമാക്കിയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) ഈ നിയമങ്ങൾ കാലോചിതമായി പരിഷ്ക്കരിക്കേണ്ടതിന്റെ ആവശ്യകത ബോദ്ധ്യമായിട്ടുണ്ടോ ;

(ഡി) എങ്കിൽ അതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ ;

(ഇ) തോട്ടം തൊഴിലാളി വേതന കരാറിന്മേൽ ചർച്ചനടത്തി പ്രശ്നം പരിഹരിച്ചിട്ടുണ്ടോ ;

(എഫ്) എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ;

(ജി) തൊഴിൽ തർക്കങ്ങളുടെ കാര്യത്തിൽ ഇൻഡ്യയിൽ കേരളം ഏത് സ്ഥാനത്ത് നിൽക്കുന്നു എന്ന് അവലോകനം ചെയ്തിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ ?

ഉത്തരം

(എ) സംസ്ഥാനത്തെ തൊഴിൽ തർക്കങ്ങൾ പരിഹരിച്ചത് സംബന്ധിച്ചുള്ള പുരോഗതിയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. *

(ബി) തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിന് 1947 - ലെ വ്യവസായ തർക്ക നിയമവും അതിനനുസരിച്ചുണ്ടാക്കിയ നൂളുകളും പ്രകാരമാണ്.

(സി) ഉണ്ട്.

(ഡി) വ്യവസായ തർക്ക നിയമത്തിലെ ചില വകുപ്പുകൾ ഭേദഗതി വരുത്തുന്നതിന് സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ഇല്ല. ചർച്ചകൾ നടന്നുവരുന്നു.

(എഫ്) ഉദിക്കുന്നില്ല.

(ജി) ഇങ്ങനെ ഒരു അവലോകനം കേരള സർക്കാർ നടത്തിയിട്ടില്ല.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly